# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്**

**2025 ഏപ്രിൽ 24**

---

## മികവിന്റെ കേന്ദ്രങ്ങൾ കാലോചിത മാറ്റത്തിലെ സുപ്രധാന ചുവടുവയ്പ്പ്-മന്ത്രി ഡോ. ആർ. ബിന്ദു

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ കാലോചിത മാറ്റങ്ങളുടെ വഴിയിലെ സുപ്രധാന ചുവടുവയ്പ്പാണെന്ന് വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് ഇന്നവേഷന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി ആരംഭിക്കുന്ന ഏഴു കേന്ദ്രങ്ങളിലൊന്നാണ് മഹാത്മാ ഗാന്ധി സർവകലാശാലയിലേത്. ശാസ്ത്ര സാങ്കേതിക വിദ്യകളിലെ അതിവേഗ മാറ്റങ്ങൾക്കൊത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെയും ചിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണിത്. ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കും.

ഗവേഷണ ആശയങ്ങളെ ജനങ്ങൾക്ക് ഉപകരിക്കുന്ന സംരംഭങ്ങളും ഉത്പന്നങ്ങളുമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന എം.ജി സർവകലാശാലയിലെ കേന്ദ്രത്തിന് ഏറെ സാധ്യതകളുണ്ട്. വിജ്ഞാനത്തെ അടിസ്ഥാനമാക്കി സമൂഹത്തിന്റെ ജീവിത നിലവാരവും നാടിന്റെ സാമ്പത്തിക അടിത്തറയും മെച്ചപ്പെടുത്തുക എന്ന കാഴ്ച്ചപ്പാടോടെയാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുകയെന്ന് മന്ത്രി പറഞ്ഞു.

ആദ്യഘട്ടത്തിൽ അനുവദിച്ച മികവിന്റെ കേന്ദ്രങ്ങളിലൊന്ന് എം.ജി.സർവകലാശാലയ്ക്ക് ലഭിച്ചത് അഭിമാനകരമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സഹകരണ, തുറമുഖം, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കോട്ടയം ജില്ലയിൽ കിഫ്ബി ഫണ്ട് ക്രിയാത്മകമായി പ്രയോജനപ്പെടുത്തിയ സ്ഥാപനങ്ങളിലൊന്നാണ് എം.ജി സർവകലാശാലയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭാഭ ആണവ ഗവേഷണ കേന്ദ്രം മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന അഡ്വാൻസ്ഡ് നോളജ് ആന്റ് റൂറൽ ടെക്നോളജി ഇംപ്ലിമെൻറേഷൻ സെന്ററിന്റെ (അകൃതി) ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി ആർ. ബിന്ദു നിർവഹിച്ചു.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ് മുഖ്യപ്രഭാഷണണം നടത്തി.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, ജില്ലാ പഞ്ചായത്ത് അംഗം ഡോ. റോസമ്മ സോണി, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, രജിസ്ട്രാർ ഡോ.ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ഇ.കെ. രാധാകൃഷ്ണൻ, പഠന വകുപ്പ് മേധാവികൾ, സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

MGU-KISTI 1

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംസ്ഥാന സർക്കാർ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രം -കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് ഇന്നവേഷൻ മന്ത്രി ഡോ. ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. സർവകലാശാല രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ഇ.കെ. രാധാകൃഷ്ണൻ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, മന്ത്രി വി.എൻ.വാസവൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, അഡ്വ. റെജി സക്കറിയ എന്നിവർ സമീപം.

MGU-KISTI 2

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംസ്ഥാന സർക്കാർ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രം -കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് ഇന്നവേഷൻ മന്ത്രി ഡോ. ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, അഡ്വ. റെജി സക്കറിയ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ്,മന്ത്രി വി.എൻ.വാസവൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, ഡോ. ഇ.കെ. രാധാകൃഷ്ണൻ, സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ,രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവർ സമീപം.
(പി.ആർ.ഒ/39/1504/2025)

## കേന്ദ്ര ഗ്രാന്റ് ; എം.ജി സർവകലാശാലയെ അഭിനന്ദിച്ച് മന്ത്രി

കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിനു കീഴിൽ പാർട്ട്നർഷിപ്പ് ഫോർ അക്സിലറേറ്റഡ് ഇന്നവേഷൻ ആന്റ് റിസർച്ച്(പെയർ) പരിപാടിയിൽ ഗവേഷണ ഗ്രാന്റ് നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ അഭിനന്ദനം. സർവകലാശാലയിൽ മികവിന്റെ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉൾപ്പെടെയുള്ള ഗവേഷണ സംഘാംഗങ്ങൾക്കൊപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു.

സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മഹാത്മാ ഗാന്ധി സർവകലാശാല ഉൾപ്പെട്ട ബയോമെഡിക്കൽ ഗവേഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ നൂറു കോടി രൂപയുടെ ഗ്രാന്റാണ് അനുവദിച്ചത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവുറ്റ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രി വിഭാവനം ചെയ്ത പദ്ധതിയിൽ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷനാണ് ഗ്രാൻറ് നൽകുന്നത്.

**ഫോട്ടോ ക്യാപ്ഷൻ..**

**MGU-MINISTER PAIR**

കേന്ദ്ര സർക്കാരിന്റെ പെയർ പരിപാടിയിൽ ഗ്രാന്റ് നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയിലെ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉൾപ്പെടെയുള്ള ഗവേഷക സംഘാംഗങ്ങൾക്കൊപ്പം മന്ത്രി ഡോ. ആർ. ബിന്ദു കേക്ക് മുറിക്കുന്നു.

(പി.ആർ.ഒ/39/1506/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**